വയറിംഗ് പൂർത്തിയാക്കി കംപ്ളീഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കി ഡി.ഡിയും സർവ്വീസ് കണക്ഷൻ ചാർജ്ജും അടച്ച് രജിസ്റ്റർ ചെയ്തതിനുശേഷം റാപ്പിഡ് കണക്ഷന് അപേക്ഷിക്കാം. ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർ പരിശോധിച്ചതിനുശേഷം അപേക്ഷ സ്വീകരിക്കുകയും സ്റ്റാറ്റിക് എനർജി മീറ്ററും കണക്ഷൻ കൊടുക്കാൻ ആവശ്യമായ കേബിളും കൺസ്യൂമർ സ്വന്തം ചെലവിൽ വാങ്ങി വച്ച് നിലവിലുള്ള റാപ്പിഡ് കണക്ഷൻ ചാർജ്ജ് കൺസ്യൂമർ അടച്ചാൽ ഏഴ് ദിവസത്തിനകം കണക്ഷൻ നല്കുന്നതാണ്;

ചെങ്ങന്നൂർ സബ്സ്റ്റേഷന്റെ എക്സ്പാൻഷൻ പണി

98 (265) ശ്രീമതി ശോഭനാ ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ചെങ്ങന്നൂർ സബ്സ്റ്റേഷൻ എക്സ്പാൻഷൻ ജോലി പൂർത്തിയായിട്ടും വൈദ്യുതി തടസ്സം നേരിടുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിർമ്മാണ പ്രവർത്തനത്തിലെ അപാകതയിലാണോ വൈദ്യുതി തടസ്സം ഉണ്ടാകുന്നത് എന്നതിനെക്കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ;

(സി) ഏതെല്ലാം ജോലികളാണ് ചെയ്തത് എന്ന് വ്യക്തമാക്കാമോ;

(ഡി) ഈ ജോലിക്ക് എത്ര തുക ചെലവാക്കി എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ചെങ്ങന്നൂർ സബ്സ്റ്റേഷന്റെ വിപുലീകരണ ജോലികൾ 15-11-1999-ൽ ഭാഗികമായി പൂർത്തിയായി എങ്കിലും പള്ളം-ഇടപ്പോൾ 110 കെ.വി. ലൈനിലെ വികസന പ്രവർത്തനങ്ങൾ തുടർന്നുകൊണ്ടിരുന്നതിനാൽ 15-1-2000 വരെ ചെങ്ങന്നൂർ സബ്സ്റ്റേഷനിൽ ഭാഗികമായി വൈദ്യുതി തടസ്സം ഉണ്ടായിരുന്നു.

(ബി) നിർമ്മാണപ്രവർത്തനങ്ങളിൽ യാതൊരുവിധ അപാകതയും ഉണ്ടായിട്ടില്ല. പള്ളം-ഇടപ്പോൾ 110 കെ.വി. ലൈനിലെ വികസന പ്രവർത്തനങ്ങൾ നടത്തുവാൻ ഓഫ് ചെയ്ത അവസരത്തിൽ ഇടപ്പോൾ സബ്സ്റ്റേഷൻ ഫീഡ് ചെയ്തത് കക്കാട് ജനറേറ്റിംഗ് സ്റ്റേഷനിൽ നിന്നും പത്തനംതിട്ട വഴിയുള്ള 110 കെ.വി. ഫീഡറിൽ കൂടിയായിരുന്നു. പ്രസ്തുത ഫീഡറിലെ ഓവർലോഡ് കാരണം ഇടപ്പോളിൽ നിന്നും വിതരണം നടത്തുന്ന സബ്സ്റ്റേഷനുകളിൽ ഭാഗികമായി ലോഡ്ഷെഡ്ഡിംഗ് ഏർപ്പെടുത്തേണ്ടി വന്നിട്ടുണ്ട്. പള്ളം-ഇടപ്പോൾ 110 കെ.വി.ലൈനിലെ വികസന പ്രവർത്തനങ്ങൾ 15-1-2000-ൽ പൂർത്തികരിച്ചിട്ടുണ്ട്. അതിനു ശേഷം വൈദ്യുതി തടസ്സം ഉണ്ടായിട്ടില്ല.

(സി) പള്ളം-ഇടപ്പോൾ നം.1, നം.11 110 കെ.വി. ഫീഡറുകൾ ചെങ്ങന്നൂർ സബ്സ്റ്റേഷനിൽ വച്ച് നാല് 110 കെ.വി ഫീഡറുകളാക്കി.

LIBRARY ARCHIVES Kerala Legislative Assembly

1. പള്ളം-ചെങ്ങന്നൂർ 110 കെ.വി.നം.1- ഫീഡർ
2. പള്ളം-ചെങ്ങന്നൂർ 110 കെ.വി.നം.11-ഫീഡർ
3. ചെങ്ങന്നൂർ-ഇടപ്പോൾ 110 കെ.വി. നം.1- ഫീഡർ
4. ചെങ്ങന്നൂർ-ഇടപ്പോൾ 110 കെ.വി.നം.11-ഫീഡർ

ചെങ്ങന്നൂർ സബ് സ്റ്റേഷനിൽ 110 കെ.വി. യുടെ നാല് സബ്സ്റ്റേഷനുകൾ സ്ഥാപിച്ച് ഐസൊലേറ്റർ വഴി കൺട്രോൾ സ്ഥാപിച്ചു. മേൽപ്പറഞ്ഞ നാല് 110 കെ.വി.ഫീഡറുകളിൽ നിന്നും വൈദ്യുതി ചെങ്ങന്നൂർ-സബ്സ്റ്റേഷനിലേക്ക് സ്വീകരിക്കാനുള്ള സംവിധാനം ഉണ്ടാക്കി.

(ഡി) പ്രസ്തുത ജോലിക്കായി 96.53 ലക്ഷം രൂപ ഇതുവരെ ചെലവായിട്ടുണ്ട്.

പുൽപ്പള്ളി കെ.എസ്.ഇ.ബി. സെക്ഷൻ ആഫീസ്

99 (266) ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) സുൽത്താൻബത്തേരി നിയോജകമണ്ഡലത്തിലെ പുൽപ്പള്ളിയിൽ കെ.എസ്.ഇബി.യുടെ സെക്ഷൻ ആഫീസ് സ്ഥാപിക്കണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പുൽപ്പള്ളി സെക്ഷൻ ആഫീസ് ആരംഭിക്കുന്നതിന് നടപടി കൈക്കൊള്ളുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സർക്കാർ പ്രഖ്യാപിച്ച ഊർജ്ജ നയം നടപ്പാക്കി കഴിഞ്ഞു മാത്രമേ, പുതിയ ആഫീസുകളുടെ രൂപീകരണം സംബന്ധിച്ച ആവശ്യങ്ങൾ വൈദ്യുതി ബോർഡ് പരിഗണിക്കുകയുള്ളു.

കണക്റ്റഡ് ലോഡ് കുറച്ച് കാണിക്കുന്നതായി പരാതി

100 (267) ശ്രീ. ബി. വിജയകുമാർ:
ശ്രീ. പി. ജെ. ഫ്രാൻസിസ്:
ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശാഭിമാനി പത്രത്തിന്റെ ഏതെങ്കിലും യൂണിറ്റിൽ കണക്റ്റഡ് ലോഡ് കുറച്ചു കാണിക്കുന്നതായി ഇലക്ട്രിസിറ്റി ബോർഡിന്റെ ആഡിറ്റ് വിഭാഗം കണ്ടെത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏത് യൂണിറ്റിലാണ് കുറവ് കണ്ടത് ;

LIBRARY ARCHIVES Kerala Legislative Assembly